**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 12.06.2024 മുതൽ 16.06.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 24/2024 (47) ചൊവ്വാഴ്ച | തീയ്യതി 11/06/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 12.06. 2024 | 13.06.2024 | 14.06. 2024 | 15.06. 2024 | 16.06.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 8 | 4 | 8 | 1 |
| ഉയർന്ന താപനില (°C) | 32 | 32 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 24 | 24 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 74 | 74 | 74 | 74 | 74 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 6 | 8 | 6 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 250 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: 2024 ജൂൺ 11 മുതൽ 12 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്

SMS:-IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | വിതക്കൽ/ പറിച്ചുനടീൽ | നിലം ഒരുക്കുന്ന സമയത്ത് ഒരു ഏക്കറിന് 140 കിലോഗ്രാം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മഴക്കാലത്ത് നെല്ലിൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ എന്നിവ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു കിലോഗ്രാം നെൽവിത്ത് സ്യൂഡോമോണാസ് കൽച്ചറിന്റെ ലായനിയിൽ അര മണിക്കൂർ കുതിർത്ത് വെച്ച് വിതയ്ക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൽച്ചറിന്റെ ലായനിയിൽ അര മണിക്കൂർ മുക്കിവെച്ച് നടുക. (10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി സ്യൂഡോമോണാസ് കൽച്ചറിന്റെ ലായനി തയ്യാറാക്കാം.) |
| വാഴ | മാണ അഴുകൽരോഗം | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക |
| ജാതി | ജൈവ വളപ്രയോഗം | ഒരു കൊല്ലം പ്രായമായ ജാതി ചെടികൾക്ക് ചെടി ഒന്നിന് 10 കിലോഗ്രാം കാലിവളമോ കമ്പോസ്റ്റോ ഇട്ടുകൊടുക്കാവുന്നതാണ്. |
| കുരുമുളക് | ജൈവ വളപ്രയോഗം | കാലവർഷാരംഭത്തോടെ കുരുമുളക് ചെടികൾക്ക് ഒന്നാം ഗഡു വളപ്രയോഗം നടത്തവുന്നതാണ്. ചെടിയുടെ വളർച്ച അനുസരിച്ച് 10 മുതൽ 15 സെ. മീ ആഴത്തിലും 30 മുതൽ 40 സെ . മീ വ്യാസത്തിലും തടങ്ങൾ എടുക്കണം.ചെടിയൊന്നിന് 10 കിലോഗ്രാം കാലിവളമോ കമ്പോസ്റ്റോ ഇട്ടുകൊടുത്ത് കുറേശ്ശേ മണ്ണിട്ട് കൊടുക്കണം. |

മൃഗസംരക്ഷണം-: ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy).